**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
**രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485**
**വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്**
**തിരുവനന്തപുരം -1**

| | |
|---|---|
| പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
| കെ.പി.ധനപാലൻ Ex.MP | സിബിക്കുട്ടി ഫ്രാൻസിസ് |

തിരുവനന്തപുരം
20.01.2017

നമ്പർ. 1/2017

## സർക്കുലർ

സുഹൃത്തേ,

30.11.2016 ബുധനാഴ്ച വി.പി.മരയ്ക്കാർ സ്മാരകമന്ദിരത്തിൽ ചേർന്ന വർക്കിംഗ് കമ്മിറ്റിയിലും UDEEF ന്റെ ജനറൽ കൗൺസിലിലും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

KSEB Ltd ലെ ജീവനക്കാരുടെ യോഗ്യത അനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ നടത്തിയ ഹിയറിംഗിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു. കമ്മീഷന്റെ അന്തിമ ഉത്തരവ് നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നതല്ലായെങ്കിൽ ഹൈക്കോടതിയെ സമീപിക്കണമെന്നും തീരുമാനിച്ചു.

ഇതുസംബന്ധിച്ച് റെഗുലേറ്ററി കമ്മീഷൻ നടത്തിയ ഹിയറിംഗിൽ കോൺഫെഡറേഷനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി പങ്കെടുത്തിരുന്നു. റീവെസ്റ്റിംഗിന്റെ ഭാഗമായി ഒപ്പുവച്ച ത്രികക്ഷി കരാറിൽ "നിലവിലുള്ള ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും പ്രമോഷനുകളും സംരക്ഷിക്കുമെന്നും" ഒന്നിനും യാതൊരു കുറവുമുണ്ടാകുകയില്ലെന്നും ഉറപ്പ് നൽകിയിട്ടുയെന്നുള്ള വിവരം ഹിയറിംഗിൽ നമ്മുടെ നിലപാടായി കമ്മീഷനെ അറിയിച്ചു. നിലവിലുള്ള ജീവനക്കാർ പരിശീലനം നേടിയവരാണെന്നും നിയമപരമായി വൈദ്യുതി നിയമം 2003 അനുസരിച്ച് നിലവിലുള്ള ആനുകൂല്യങ്ങളൊക്കെ അതേപടി തുടരുമെന്ന് ഉറപ്പ് നൽകി കരാർ ഒപ്പ് വച്ചിട്ടുള്ളതിനാൽ CEA റെഗുലേഷൻ നിലവിലുള്ള ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കരുതെന്നും കമ്മീഷനുമുമ്പാകെ ബോധിപ്പിച്ചു.

കമ്മീഷൻ ആദ്യം KSEB Ltd ന് നൽകിയ ഷോക്കോസിൽ വസ്തുതകൾക്ക് വിരുദ്ധമായിട്ടാണ് പ്രതിപാദിച്ചിരുന്നതെങ്കിൽ അന്തിമ ഉത്തരവിൽ നമ്മുടെ അഭിപ്രായങ്ങളും മാനിച്ച് നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കണമെന്നുള്ള ഉത്തരവാണ് 29.12.2016 ൽ പുറത്തിറങ്ങിയത്. ഉത്തരവ് അനുകൂലമായതിനാൽ മേൽ ഉത്തരവിൻമേൽ ഹൈക്കോടതിയെ സമീപിച്ചിട്ടില്ല. മേൽ ഉത്തരവ് www.keecintuc എന്ന വെബ്സൈറ്റിലും keecintuc app ലും (other orders) ൽ പബ്ലിഷ് ചെയ്തിട്ടുണ്ട്.

എല്ലാ വിഭാഗങ്ങൾക്കും അവരവർക്ക് അർഹതപ്പെട്ട പ്രമോഷനുകൾ, IT ക്കാർക്കുള്ളത് അവർക്കും Diploma ക്കാർക്കുള്ള അവർക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു. UDF ഭരണകാലത്ത് നൽകിയ സബ് എഞ്ചിനീയർ ട്രെയിനി നിയമനം തുടർന്നും നൽകണമെന്ന് ബോർഡിനോട് ആവശ്യപ്പെടാനും തീരുമാനിച്ചു.

PDA വരുന്നതിന്റെ പേരിൽ തസ്തികകൾ വെട്ടിക്കുകയാണെങ്കിൽ അതിനെതിരെ ശക്തമായി പ്രതികരിക്കണമെന്നും തീരുമാനിച്ചു.

**ഹൈക്കോടതി കേസ**

റഫറണ്ടത്തോടനുബന്ധിച്ച് എതിർവിഭാഗം ഹൈക്കോടതിയിൽ നൽകിയ പെറ്റീഷൻ കോടതി ഡിസ്മിസ് ചെയ്തു. അവർക്ക് പ്രൊവിഷണലായി KEEC യുടെ പേര് മത്സരിക്കാൻ വേണമെന്നുള്ള വാദമാണ് ബഹു.ഹൈക്കോടതി തള്ളിയത്.

**എം.എസ്.റാവുത്തർ സ്മാരകമന്ദിരം**

സ്മാരകമന്ദിരത്തിന് വേണ്ടിയുള്ള സ്ഥലം നിലവിലുള്ള യൂണിയൻ ഓഫീസിനടുത്ത് വാങ്ങുവാനുള്ള മുൻ തീരുമാനത്തിന്റെ ഭാഗമായി അഡ്വാൻസ് ഉടൻ നൽകണമെന്ന് തീരുമാനിച്ചു. 5 സെന്റ് സ്ഥലത്തിന് അഡ്വാൻസ് 10 ലക്ഷം രൂപ നൽകി. 18.1.2017 ൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തി (അളവ് പ്രകാരം സ്ഥലം 5.170 സെന്റ്)

**ഡിവിഷൻ അക്കൗണ്ട്**

ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്ത എല്ലാ ജില്ല/ഡിവിഷൻ/കമ്മിറ്റികളും അത് ഉടൻ തുടങ്ങണം. ഡിവിഷൻ/ജില്ല ഷെയറുകൾ അക്കൗണ്ട് തുടങ്ങുന്നവർക്ക് ചെക്കായി നൽകുന്നതാണ്. നിലവിൽ അക്കൗണ്ട് തുടങ്ങിയ എല്ലാവർക്കും വിഹിതം നൽകി. ഇതുസംബന്ധിച്ച രസീത് ഉടൻ നൽകുന്നതാണ്.

**KEEC APP**

ബോർഡുത്തരവുകളും പ്രമോഷൻ ട്രാൻസ്ഫർ ഉത്തരവുകളും ഇനിമേൽ നമ്മുടെ "വെബ് സൈറ്റി"ലൂടെയും "Keecintuc" mobile App ലൂടെയും ലഭിക്കുന്നതാണ്. Google playstore ൽ നിന്നും download ചെയ്യാവുന്നതാണ്.

**ട്രേഡ് യൂണിയൻ വെരിഫിക്കേൻ**

കേന്ദ്ര തൊഴിൽ മന്ത്രാലയം നടത്തുന്ന ട്രേഡ് യൂണിയൻ വെരിഫിക്കേഷനിൽ എല്ലാ രേഖകളും ഹാജരാക്കി രേഖകൾ സമർപ്പിച്ചതിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചു. ഹരിദ്വാറിൽ വച്ച് നടന്ന വർക്കിംഗ് കമ്മിറ്റിയിൽ മേൽ രേഖകൾ INTUC അഖിലേന്ത്യ പ്രസിഡന്റിനെ ഏൽപ്പിച്ചു. ഇനിയും വെരിഫിക്കേഷന്റെ മൂന്നാമത്തെ സ്റ്റേജായ സ്പോട്ട് വെരിഫിക്കേഷൻ നടത്തേതുണ്ട്.

**സബ് എഞ്ചിനീയർ ട്രെയിനി**

സബ് എഞ്ചിനീയർ ട്രെയിനി കാലാവധി നീട്ടുന്നതിനുവേണ്ടി KSEB Ltd ന് കത്ത് നൽകി.

**Mediclaim Policy**

എം.എസ്.റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി "Star Health Insurance - Mediclaim policy" KSEB ജീവനക്കാർക്ക് 40% ഡിസകൗണ്ടിൽ ലഭിക്കും. എല്ലാ ജില്ലാ/ഡിവിഷൻ കമ്മിറ്റികളും താൽപ്പര്യമുള്ളവരുടെ ലിസ്റ്റ് (ഡിവിഷൻ തലത്തിൽ) സംസ്ഥാന സെക്രട്ടറി ശ്രീ.സതീഷ് കുമാറിനെ ഏൽപ്പിക്കണം. ബന്ധപ്പെടുവാനുള്ള നമ്പർ : 9249599352.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി